DHARMARAM COLLEGE
LIBRARY
BANGALORE-29

കര്‍മ്മെലകുസുമ ഗ്രന്ഥാവലി, നമ്പര്‍ ൧.

# യാക്കോബായസഭ.

(ഫാദര്‍ ബര്‍ണ്ണാര്‍ഡ് സി. ഡി. എഴുതിയതു്.)

"കര്‍മ്മെലയുടെ ഉത്തമ ഫലങ്ങളെ നിങ്ങള്‍ ഭക്ഷിക്കുന്നതിനായി അതിന്‍െറ നാട്ടില്‍ നിങ്ങളെ ഞാന്‍ പ്രവേശിപ്പിച്ചിരിക്കുന്നു." ഏറമ്യാ. ൨. ൭.


ST. ANTONY'S CARMELITE MONASTERY S. I. RAILWAY STATION, ALWAYE, TRAVANCORE
5 APR. 1931
ST. ✝ ALWAYE
[illegible] Car. [illegible]
[illegible]
[illegible] 1922
[illegible] KENDRAM LIBRARY ACHARYA [illegible]
11500


MANNANAM:

PRINTED AT THE ST. JOSEPH'S PRESS,

1921.

[വില ചക്രം ൨.]

**Nihil obstat.**

Fr. John of Jesus Mary C. D.,
Censor Deputatus,

m/208
BER

**Imprimi potest.**

Fr. Alexander of St. Joseph,
Prior General T. O. C. D.

**Imprimatur.**

Thomas Kurialachery,
Bishop & Vic. Ap. of
Changanacherry.

*Changanacherry*
*16. 3. '21.*

---

ഒന്നേമുക്കാലണയ്ക്കു തപാൽസ്റ്റാമ്പോ, രണ്ടേമുക്കാൽ ചക്രത്തിനു അഞ്ചൽസ്റ്റാമ്പോ അയച്ചുതരുന്നവൎക്കു കൂലി തീൎത്തു പുസ്തകം അയച്ചുകൊടുക്കും.

മാനേജർ, "കൎമ്മലകുസുമം"
മാന്നാനം.

# യാക്കോബായസഭ.

## I. യാക്കോബായസഭയുടെ ഉത്ഭവം.

ദൈവപുത്രനായ മ്ശിഹാ താൻ സ്ഥാപിച്ച സഭെക്കു നൽകിയിട്ടുള്ള പല പ്രത്യേക വരങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ "നരകവാതില്പുകൾ അതിനോടു പ്രബലപ്പെടുകയില്ലെന്നു"ള്ളതു്. അപ്രമാദിത്വവരമുള്ള തലവനോടുകൂടിയ ഒരു സഭെക്കല്ലാതെ അതു അബദ്ധപഠനങ്ങളിൽ വീഴാതെയും, നരകവാതില്പുകൾക്കു അധീനമാകാതെയും ഇരിക്കുന്നുവെന്നു ധൈൎയ്യസമേതം പ്രസ്താവിക്കുന്നതിനു സാധിക്കുന്നതല്ല. ഇങ്ങനെ ശങ്കകൂടാതെ പ്രസ്താവിപ്പാൻ പാടുള്ള സഭ ഒന്നു മാത്രമേ കാണുന്നുള്ളു. അതു കത്തോലിക്കാസഭയാകുന്നു. ദിവ്യരക്ഷകന്റെ പഠനങ്ങൾക്കു വിരോധമായ നൂതന പ്രബോധനങ്ങൾ ഏതു സമയത്തെങ്കിലും സഭയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ, തെറ്റുവരാൻ പാടില്ലാത്ത തന്റെ അധികാരത്താൽ കത്തോലിക്കാസഭ തൽക്ഷണം അതുകളെ പരിശോധിച്ചു വിധിപറകയും, ആ വിധിക്കനുസരിക്കുന്നതിനു മനസ്സില്ലാത്തവരെ സഭയിൽ നിന്നു ബഹിഷ്കരിക്കയുമാണ ഈ സഭയുടെ സമ്പ്രദായം. അപ്പസ്തോലികകാലം മുതൽക്കുതന്നേ ഇപ്രകാരമുള്ള പാഷണ്ഡമതങ്ങൾ ഉത്ഭവിക്കയുണ്ടായിട്ടുണ്ടു്. മുന്തിരിച്ചെടിയിൽ നിന്നു ശിഖരങ്ങൾ എന്നപോലെ, അവിടവിടെ അതുകൾ ഛേദിക്കപ്പെടുകയും, അചിരേണ ശുഷ്കപ്രായങ്ങളായിതീരുകയും ചെയ്തിട്ടുള്ളതു ചരിത്രത്തിൽ നിന്നു കാണാം. ഈവിധമുള്ള പാഷാണ്ഡമതവിഭാഗങ്ങളെ അവരുടെ നാമധേയങ്ങൾ കൊണ്ടുതന്നെ സത്യസഭയിൽനിന്നു തിരിച്ചറിയാമെന്നുള്ളതു അതുകളുടെ ഒരു പ്രത്യേക വിശേഷതയാണ്. ഇങ്ങനെ വ്യത്യസ്തപ്പെട്ടു നില്ക്കുന്ന ഒരു ചെറിയ മതവിഭാഗമാണ് യാക്കോബായസഭ.

യാക്കോബായ ഇടത്തൂടിന്റെ ആരംഭം ക്രിസ്ത്വാബ്ദം അഞ്ചാം ശതാബ്ദത്തിന്റെ ആദിമഘട്ടത്തിലാണെന്നു പറയാം. പ്രസ്തുതവർഷാരംഭത്തോടെ കൊൻസ്തന്തിനോപ്പോളി പാത്രിയർക്കീസായ നെസ്തോറീസെന്നവൻ, മ്ശിഹായിൽ വ്യത്യാസപ്പെട്ട രണ്ടാളുകൾ ഉണ്ടെന്നും, കന്യകമറിയത്തെ മനുഷ്യ ആളിന്റെ മാതാവെന്നല്ലാതെ ദൈവജനനി (Theo Thokos) എന്നു വിളിക്കുവാൻ പാടില്ലെന്നും ഒരു പുതിയ പഠനം ആരംഭിച്ചു. ൪൩൧-ാമാണ്ട് ചെലസ്റ്റീനോസു മാർപ്പാപ്പായുടെ സ്ഥാനപതിയുടെ ആദ്ധ്യക്ഷത്തിൽ എഫേസൂസ് നഗരത്തിൽ കൂടിയ പൊതു സൂനഹദോസിൽവച്ച്, മിശിഹായിൽ ഏകയാൾ മാത്രമേയുള്ളെന്നും അതു ദൈവ ആളാണെന്നും, ആകയാൽ പരിശുദ്ധ കന്യകമറിയം ന്യായമായി ദൈവമാതാവെന്നു വിളിക്കപ്പെടേണ്ടതാണെന്നും സ്ഥാപിക്കയും, നെസ്തോറീസിന്റെ പഠനങ്ങളെ ശപിക്കയും ചെയ്തു. എന്നാൽ നെസ്തോറീസിനോടെതിർത്തു പോരാടിയ എവുത്തിക്കിയോസെന്നയാൾ, മ്ശിഹായിൽ ഒരാളേയുള്ളുവെന്നു സമർത്ഥിച്ചതിനോടുകൂടെ, അങ്ങേക്കു സ്വഭാവവും ഒന്നുമാത്രമേയുള്ളുവെന്നു വേറൊരബദ്ധവിശ്വാസത്തിൽ ചെന്നു ചാടി. കടലിലെ ജലസമൂഹത്തിൽ ഒരു തുള്ളിവീഞ്ഞു എപ്രകാരം അപ്രത്യക്ഷമായി ഭവിക്കുന്നുവോ, അപ്രകാരം മ്ശിഹായുടെ ദൈവസ്വഭാവ ജലധിയിൽ മനുഷ്യസ്വഭാവം ലയിച്ചുപോകുന്നുവെന്നും, ആകയാൽ തനിക്കു കലാശം ഒരു സ്വഭാവം മാത്രമേയുള്ളുവെന്നും ഈയാൾ പഠിപ്പിച്ചു.

അന്നത്തെ കോൺസ്തന്തിനോപ്പോളി പാത്രിയർക്കീസായിരുന്ന പ്ലാവിയാനോസ്, അന്ത്യോക്യാ പാത്രിയർക്കീസായ ഡോമ്നസ് ആദിയായി പലർ ഈ നവീനബോധനത്തോടു ശക്തിമത്തായി എതിർത്തു എങ്കിലും എവുത്തിക്കിയോസിനും കൂട്ടർക്കും രാജസഹായം പ്രബലമായുണ്ടായിരുന്നതുകൊണ്ടു അവരുടെ കക്ഷി ഒന്നിനൊന്നു വർദ്ധിച്ചു. തെയോദോസ്യൂസ് ചക്രവർത്തിയുടെ പ്രധാന മന്ത്രിയായിരുന്ന ക്രിസാഫിയോസ് എന്നവൻ എവുത്തിക്കിയോസിന്റെ ഉററ സ്നേഹിതനായിരുന്നതിനാൽ ചക്രവർത്തിയെക്കൊണ്ടു അവരുടെ ഭാഗത്തേക്കു എന്തും ചെയ്യിക്കുന്ന

തിന്നു അവൎക്കു പ്രയാസമില്ലായിരുന്നു. ഇതു കൂടാതെ അലെക്സന്ത്ര്യായിലെ കുപ്രസിദ്ധനായ ദിയസ്ക്കോരസ് പാത്രിയൎക്കീസു മുതലായ ചില വൈദികാദ്ധ്യക്ഷന്മാരും ഇവരെ അനുകൂലിച്ചു. അതിനാൽ ൪൪൮-ൽ പുണ്യവാനായ ഫ്ളാവിയാനോസ് കോൺസ്റ്റന്തിനോപ്പോളിയിൽ വിളിച്ചുകൂട്ടിയ ഒരു പ്രാദേശിക സംഘത്തിൽവച്ചു ഏകസ്വഭാവവാദികളുടെ ഈ നവീന പഠനങ്ങളെല്ലാം ശപിക്കപ്പെട്ടെങ്കിലും, അവരുടെ ഭാഗത്തേക്കു പറയത്തക്ക ഇടിവു തട്ടുകയുണ്ടായില്ല. എന്നുതന്നെയല്ല രാജബലം പ്രയോഗിച്ചു അവർ നടത്തിയതും, (Robber Synod) 'തസ്കര സംഘം' എന്ന പേരിനാൽ ചരിത്രത്തിൽ അറിയപ്പെടുന്നതുമായ ഒരു സൂനഹദോസിൽവച്ചു ഫ്ളവിയാനോസ് ആദിയായി സത്യവിശ്വാസാനുസാരികളായ പല നേതാക്കന്മാർ സ്ഥാനഭ്രഷ്ടന്മാരാക്കപ്പെടുക പോലുമുണ്ടായി. ഇങ്ങനെ പ്രതിദിനമെന്നപോലെ ഏകസ്വഭാവ വാദികളുടെ ശക്തിപ്രബലപ്പെട്ടുവന്നു.

അനന്തരം മഹാനായ ലെയോൻ മൎപ്പാപ്പാ തിരുമനസ്സുകൊണ്ടു ൪൫൧-ൽ കൽച്ചെദോനിയായിൽ കൂട്ടിയ പൊതുസൂനഹദോസിൽവച്ചു ഇക്കൂട്ടരുടെ പുതിയ പഠനങ്ങളെ ശപിക്കയും തിരുസഭയിൽനിന്നു ഇവരെ ബഹിഷ്ക്കരിക്കയും ചെയ്തു. എങ്കിലും മതവിഭാഗം അവസാനിക്കയുണ്ടായില്ല. എജിപ്ത്, അബ്സീനിയാ, സിറിയാ, അൎമ്മേനിയാ എന്ന സ്ഥലങ്ങളിൽ ഇതു പൂൎവ്വാധികം പ്രബലപ്പെട്ടു. അതോടുകൂടെ അന്ത്യോക്യാ സിംഹാസനം കൈവശപ്പെടുത്തുന്നതിനു അവർ ശ്രമിച്ചുതുടങ്ങി. ൪൭൦-ാമാണ്ടിനിപ്പുറം 'രജകൻ' പത്രോസ് എന്നൊരുവനേയും, ൫൧൨-ൽ സെവേരോസ് എന്ന വേറൊരുവനേയും ഇവർ അന്ത്യോക്യാപാത്രിയൎക്കീസന്മാരായി സ്ഥാപിക്കയും ചെയ്തിട്ടുണ്ട്. എങ്കിലും അവർ തൽസ്ഥാനത്തുനിന്നു ബഹിഷ്കൃതരാവുകയാണുണ്ടായത്. കടശി ൫൩൮-ൽ സെവേരോസ് കഥാശേഷനായതിനോടെ അവരുടെ ശ്രമങ്ങളെല്ലാം വിഫലീഭവിച്ചുവെന്നുമാത്രമല്ല, അന്തഛിദ്രങ്ങളും അനാഥത്വവും നിമിത്തം ഏകസ്വഭാവ മത വിഭാഗവും അസ്തമിക്കാറായെന്നുള്ള നിലയിലായി. ആ അപകടഘട്ടത്തിൽനിന്നു ഈ പാഷണ്ഡകക്ഷിയേ ഉദ്ധാര

ണം ചെയ്തയാളാണു യാക്കോബു ബരദേയസ് എന്നയാൾ. ഇയാൾ ൫൪൩-ൽ തെയദോസ്യാരാജ്ഞിയുടെ സഹായത്തോടുകൂടെ മെത്രാൻ പട്ടമേൽക്കുകയും, ഛിന്നഭിന്നമായിക്കിടന്ന ഏകസ്വഭാവവാദികളെയെല്ലാം ഏകോപിപ്പിക്കുകയും, പല മെത്രാന്മാരെ അവർക്കു വാഴിച്ചുകൊടുക്കുകയും ചെയ്തുകൂടാതെ, അന്ത്യോക്യാസിംഹാസനം കൈവശപ്പെടുത്തുവാൻ അസാദ്ധ്യമെന്നു കാണുകയാൽ, സെർജിയൂസ് തെള്ളാസ് (Tellas) എന്ന ഒരുവനെ അന്ത്യോക്യാ പാത്രിയർക്കീസ് എന്ന അഭിധാനത്തിൽ വാഴിച്ചു അന്തിയോക്യായിൽനിന്നു വളരെ അകലെയുള്ള മെസോപ്പത്താമ്യായിൽ തങ്ങളുടെ മതാദ്ധ്യക്ഷനായി സ്ഥാപിക്കുയുംചെയ്തു. ഈ യാക്കോബു ബരദേയസാണ് യാക്കോബായമതവിഭാഗത്തിന്റെ നാമകാരണൻ. ഇങ്ങനെയാണു അന്ത്യോക്യായാക്കോബായ പാത്രിയർക്കീസിന്റെ ഉത്ഭവം. "അയക്കപ്പെടാതെ അവർ എങ്ങനെ പ്രസംഗിക്കും?" (റോമാ. X. 15.) എന്ന വി. പൌലോസിന്റെ ചോദ്യം ഇവിടെ ആവിർഭവിക്കുന്നു. അന്ത്യോക്യായിലെ പുതിയ പാത്രിയർക്കീസിനു വാസ്തവമായ പട്ടമുണ്ടെന്നിരുന്നാലും ഭരണാധികാരം എവിടെനിന്നുകിട്ടി? അപ്പസ്തോലന്മാരിൽനിന്നോ അവരാൽ അയക്കപ്പെട്ടവരിൽനിന്നോ കിട്ടിയിട്ടുണ്ടോ? ഇല്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

യാക്കോബായസഭ ഇപ്രകാരം കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞു സ്വയംഭരണം ആരംഭിച്ചെങ്കിലും മാതൃഭവനത്തിലേക്കു പിന്തിരിയുന്നതിനു പലപ്പോഴും ശ്രമിക്കയുണ്ടായിട്ടുണ്ട്. പൌരസ്ത്യസഭകളിൽ പലതും കത്തോലിക്കാ ഐക്യത്തിൽ പ്രവേശിച്ച ഫ്ലോറെൻസു സൂനഹദോസിൽവച്ചു യാക്കോബായ പാത്രിയർക്കീസായ യോഹന്നാൻ തൃതീയനും തന്റെ ജനത്തോടുകൂടി ൧൪൩൯-ൽ മാർപ്പാപ്പായിക്കു കീഴ്‌വഴങ്ങുകയുണ്ടായി. എങ്കിലും ആ ഐക്യം അത്രദീർഘിച്ചില്ല. അനന്തരം ൧൭൮൩ൽ യാക്കോബായ പാത്രിയർക്കീസായ ഇഗ്നാസിയൂസ് ജിയാർവു ഒരു ഭാഗം ജനത്തോടുകൂടി കത്തോലിക്കാസഭയിൽ പ്രവേശിച്ചു. ഈ ഭാഗമാണ് ഇപ്പോൾ കത്തോലിക്കാ സുറിയാനിപാത്രിയർക്കീസിന്റെ കീഴുള്ള അമ്പതിനായിരത്തോളം വരുന്ന ജനക്കൂട്ടം.

അന്നു പുനരൈക്യത്തിന്നു വിസമ്മതിച്ചവരായി സിറിയാ, മെസൊപ്പൊത്താമ്യാ എന്നപ്രദേശങ്ങളിലുള്ള എൺപതിനായിരത്തോളം ആളുകൾ മാത്രമേ ഇപ്പോൾ യാക്കോബായ പാത്രിയക്കീസിന്റെ കീഴിൽ അവിടങ്ങളിലുള്ളു. കേരളത്തിലുള്ള യാക്കോബായക്കാർ ഉൾപ്പെടെ യാക്കോബായസഭയിൽ ഇപ്പോൾ ആകപ്പാടെ മൂന്നരലക്ഷം ജനം ഉണ്ടാകുന്നതല്ല.

## II. കേരളവും യാക്കോബായ സഭയും.

സുറിയാനിക്കാരിൽ പുത്തൻകൂറു എന്നും പഴയകൂറ് എന്നും രണ്ടു വിഭാഗമുണ്ടായത് ൧൬൫൩-ലാണ്. അന്നുവരെ ഏക ജനമായിട്ടാണ് ഇവർ നിന്നിരുന്നത്. ൧൫൯൯-ൽ ഗോവ മെത്രാപ്പോലിത്തായായ മെനേസ്സസ്സ് എന്ന ദേഹം വിളിച്ചുകൂട്ടിയ ഉദയമ്പേരൂർ സൂനഹദോസു മുഖാന്തരം, സുറിയാനിക്കാരിൽ നിന്നു സുറിയാനി മെത്രാന്മാരുടെ ഭരണം നീങ്ങിപ്പോകയും പൌലീസ്സാക്കാർ (ജെസ്വീത്തർ) ആയ ലത്തീൻ മെത്രാന്മാരുടെ കീഴിൽ അവർ പെട്ടുപ്പെടുകയും ഉണ്ടായി. അന്നുമുതൽ അവരുടെ ഇടയിൽ വലിയ കലക്കങ്ങൾ ഉണ്ടാകയും സുറിയാനി മെത്രാന്മാരെ കിട്ടുന്നതിനായി പല ഹർജികൾ റോമ്മായിലേക്കും പോർത്തുഗാളിലേക്കും അവർ അയക്കയും ചെയ്തു. ഇങ്ങനെ അമ്പതു വർഷംവരെ അപേക്ഷകൾ അയച്ചുകൊണ്ടിരുന്നിട്ടും ഫലമൊന്നും കാണാഞ്ഞതിനാൽ ഉദ്ദേശം ൧൬൫൦-ൽ ആദ്യം കൽദായ പാത്രിയക്കീസിന്റെ പക്കലേക്കും പിന്നീടു യാക്കോബായ പാത്രിയക്കീസിന്റെ പക്കലേക്കും ഗോപ്ത്തുകാരുടെ പാത്രിയക്കായുടെ പക്കലേക്കും ഒരു മെത്രാനെ അയച്ചുകൊടുക്കുന്നതിനു അവരപേക്ഷകളയച്ചു. ആ അപേക്ഷയനുസരിച്ച് ൧൬൫൨-ൽ അഹത്താലഹാ എന്ന ഒരു മെത്രാൻ അയക്കപ്പെട്ടു. ഇദ്ദേഹം കൽദായക്കാരൻ ആയിരുന്നു. മൈലാപ്പൂരിൽ എത്തിയപ്പോൾ പോർത്തുഗീസുകാർ അദ്ദേഹത്തെ തടഞ്ഞ് കൊച്ചി വഴിക്കു ഗോവയിലേക്കു കൊണ്ടുപോയി. അദ്ദേഹം കൊച്ചിയിൽ

വന്ന സംഗതി തോമ്മാ അൎക്കദിയാക്കോൻ അറിഞ്ഞ സമയം അനേകം പടയാളികളോടും പട്ടക്കാരോടുംകൂടി കൊച്ചിക്കോട്ടയിലെ പോർട്ടുഗീസ് അധികാരിയുടെ അടുക്കൽ ചെന്നു മെത്രാനെ വിട്ടുകൊടുക്കുന്നതിനപേക്ഷിച്ചു. എങ്കിലും മെത്രാൻ ഗോവയിലേക്കു കൊണ്ടുപോകപ്പെടുകയാണുണ്ടായത്. അതിനിടക്കു മെത്രാനെ കൊച്ചീക്കടലിൽ കെട്ടിത്താഴ്ത്തിയതായി ഒരു കേൾവിയും സുറിയാനിക്കാരുടെ ഇടയിൽ പരന്നു. ഉടനെ പട്ടക്കാരും ജനങ്ങളും അന്നു സുറിയാനിപ്പള്ളിയായിരുന്ന മട്ടാഞ്ചേരിപ്പള്ളിയിൽ കൂടി അവിടത്തെ കൂനൻ കുരിശിൽ കയറുകെട്ടി എല്ലാവരും അതിൽ പിടിച്ചു മേലിൽ ഒരു കാലത്തും ജെസ്വീത്തു് മെത്രാനെ അനുസരിക്കുന്നതല്ലെന്നു സത്യം ചെയ്തു. ഉടനെതന്നെ പന്ത്രണ്ടു പട്ടക്കാർ കൂടി ആലങ്ങാട്ടു പള്ളിയിൽവച്ചു തോമ്മാ അൎക്കദിയാക്കോനെ മെത്രാന്റെ അംശങ്ങൾ ധരിപ്പിച്ച് മെത്രാനെന്നു പേർവിളിക്കയുമുണ്ടായി. ഇങ്ങനെ എല്ലാവരും തോമ്മാ അൎക്കദിയാക്കോനെ അനുസരിച്ചെങ്കിലും പലൎക്കും ക്രമേണ കാൎയ്യം മനസ്സിലാവുകയാൽ, അക്കാലത്തു കൊച്ചിയിൽ ഉണ്ടായിരുന്ന കൎമ്മലീത്താക്കാർ വഴിയായി റോമ്മായിൽ കാൎയ്യങ്ങൾ ബോധിപ്പിക്കയും അതിൻപ്രകാരം കൎമ്മലീത്താക്കാർ റോമ്മായിൽനിന്നു വരികയും ചെയ്തു. ഒടുവിൽ കൊറവിലങ്ങാട്ടു ഇടവക പാലമററം കുടുംബത്തിൽ പെട്ട കുരുക്കശ്ശേരി അല്ലെങ്കിൽ പള്ളിവീട്ടിൽ ചാണ്ടിമെത്രാനെ ൧൬൬൩-ൽ മെത്രാനായി വാഴിച്ചു. തൻമൂലം ശീസ്മയിൽ നിന്നവരിൽ ഒരു വലിയ ഭാഗം ആളുകൾ അതുപേക്ഷിച്ച് കത്തോലിക്കാ സഭയിൽ സ്ഥിരമായി നില്ക്കയും ചെയ്തു. ഇതിനിടക്കു തോമ്മാ അൎക്കദിയാക്കോന്റെ ഭാഗത്തു നിന്നവരെ ൧൬൬൫-ൽ അന്ത്യോക്യായിൽനിന്നു വന്ന മാർ ഗ്രീഗോരിയോസ് എന്ന യാക്കോബായ മെത്രാൻ ആ വിശ്വാസം പഠിപ്പിച്ചു. ഇങ്ങനെയാണ് പുത്തൻകൂറും പഴയകൂറുമായി തിരിഞ്ഞതും യാക്കോബായ മതം കേരളത്തിൽ പ്രവേശിച്ചതും.

യാക്കോബായ വിശ്വാസം അനുസരിച്ചു തോമ്മാ അൎക്കദിയാക്കോന്റെ ഭാഗത്തു ചേൎന്നു നിന്നവൎക്കു പുത്തൻകൂറു സുറിയാനിക്കാർ എന്ന പേരുണ്ടായി. യാക്കോബായ വിശ്വാസം

മലയാളത്തിൽ പുത്തനായി കൊണ്ടുവരപ്പെട്ടതുകൊണ്ടാണു് അതു അനുസരിച്ചവൎക്കു പുത്തൻക്രൂറു സുറിയാനിക്കാർ എന്ന പേരുണ്ടായതു്. മാർ ഗ്രിഗോറിയോസ് എന്ന ആദ്യ യാക്കോബായ മെത്രാനുശേഷം, ൧൬൮൫-ൽ മാർ ബസ്സേലിയോസ് മാർ യോഹന്നാൻ എന്ന രണ്ടു യാക്കോബായ മെത്രാന്മാർ മലയാളത്തിൽ വന്നു. മാർ ബസ്സേലിയോസ് വന്ന ആണ്ടിൽത്തന്നെ മരിച്ചു. മാർ യോഹന്നാൻ സ്വരൂപങ്ങൾ പള്ളിയിൽ വയ്ക്കുന്നതിനെ വിരോധിച്ചു. അന്നു പുത്തൻക്രൂറു പള്ളികളിൽ സ്വരൂപങ്ങൾ ഉണ്ടായിരുന്നു. തന്മൂലം മാർ യോഹന്നാനു അന്നത്തെ പുത്തൻക്രൂറു മെത്രാനായ മാൎത്തോമ്മായോടും ജനങ്ങളോടും വലിയ നീരസമുണ്ടായി. ഇതുകൂടാതെ പട്ടക്കാരെ വിവാഹം ചെയ്യിക്കാനും ഈ മാർ യോഹന്നാൻ ശ്രമിച്ചു. അതും പുത്തൻകാൎക്കു അദ്ദേഹത്തോടു വിരോധം ഉണ്ടാകാൻ കാരണമായിത്തീൎന്നു. ഇതിനുശേഷം ൧൭൫൧-ൽ മാർ ബസ്സേല്യോസ്, മാർ ഗ്രിഗോറിയോസ്, മാർ യോഹന്നാൻ എന്നിങ്ങനെ മൂന്നു യാക്കോബായ മെത്രാന്മാർ മലയാളത്തിൽ വന്നു. ഇവരിൽ മാർ ബസ്സേല്യോസ് ൧൭൬൪-ൽ മരിച്ചു. ശേഷിച്ചവർ ൧൭൭൨-ലും ൧൭൯൪-ലുമായി കാലംചെയ്തു. ൧൬൫൩-ൽ ശീശ്മയുണ്ടായ കാലം മുതൽ ൧൭൬൫ വരെ തോമ്മാ എന്ന പേരിൽ അഞ്ചു നാട്ടുമെത്രാന്മാർ പുത്തൻക്രൂറുകാരെ ഭരിച്ചിട്ടുണ്ടു്. ഇവർ അന്ത്യോക്യായിൽനിന്നു വന്ന യാക്കോബായ മെത്രാന്മാരോടു മെത്രാൻ പട്ടം ഏററു എന്നു പറയുന്നുണ്ടെങ്കിലും അതു അത്ര വിശ്വാസയോഗ്യമായി കാണപ്പെടുന്നില്ല. എന്നാൽ ൧൭൬൫ മുതൽ ൧൮൦൮ വരെ ഭരിച്ച ആറാമത്തെ മാൎത്തോമ്മാ വാസ്തവത്തിൽ നിരണത്തുവച്ചു് മാർ ഗ്രിഗോറിയോസിനോടു ൧൭൭൦-ൽ മെത്രാൻപട്ടം ഏററു. ഇദ്ദേഹം ആസ്ഥപ്പാടു മുതൽ മെത്രാൻ പട്ടം വരെ സകല പട്ടങ്ങളും മാർ ഗ്രിഗോറിയോസിനോടു ഏററതിനാൽ, അതിനുമുമ്പു് അദ്ദേഹം ഏററിരുന്ന പട്ടങ്ങൾ സംശയസ്ഥാനത്തിലാണെന്നു അദ്ദേഹം വിശ്വസിച്ചിരുന്നതായി തെളിയുന്നുണ്ടല്ലോ. ഇദ്ദേഹം മെത്രാൻപട്ടം ഏററപ്പോൾ മാർ ദിവന്നാസ്യോസ് എന്നു പേരും എടുത്തു.

PALACKAL JEEVASS... LIBRARY 11500

പുത്തൻകൂറ്റുകാർ യാക്കോബായ വിശ്വാസം മേല്പറഞ്ഞ യാക്കോബായ മെത്രാന്മാരിൽനിന്നു പഠിച്ചെങ്കിലും, അവരുടെ പള്ളിക്രമങ്ങൾ സകലവും പഴയ രീതിയിൽ കൽദായ ഭാഷയിലും റീത്തിലും തന്നെ നടത്തിപ്പോന്നു. അതിൽ യാതൊരു വ്യത്യാസവും അക്കാലങ്ങളിൽ അവർ വരുത്തുന്നതിനു സമ്മതിച്ചില്ല. എന്നു മാത്രമല്ല, പഴയക്കൂറ്റുകാരോടു ചേർന്നു നടക്കുന്നതിനും പഴയക്കൂറു വിശ്വാസം അനുസരിക്കുന്നതിനും അവർ പലപ്പോഴും ശ്രമിച്ചിട്ടുമുണ്ട്. പ്രധാനമായി ൩ അവസരങ്ങളിൽ അതിനായി അവർ ശ്രമിച്ചു. ഒന്നാമത്തേതു് ൧൭൦൦-ലാണ്. പ്രസ്തുത ആണ്ടിൽ അവരിൽ പല പട്ടക്കാർ ചേർന്നു കൽദായ പാത്രിയർക്കീസിനു എഴുതുകയും അദ്ദേഹം അവരുടെ അപേക്ഷയനുസരിച്ചു മാർ ശെമഓൻ എന്ന മെത്രാനെ ൧൭൦൦-ൽ മലയാളത്തേക്കയയ്ക്കുകയുമുണ്ടായി. ഈ മാർ ശെമഓൻ മലയാളത്തിൽ വന്നപ്പോൾ അദ്ദേഹത്തോടു ആലങ്ങാട്ടു പള്ളിയിൽവച്ചു് വരാപ്പുഴെ ആഞ്ചെലോ ഫ്രംസീസ്കോ എന്ന കർമ്മലീത്താ മെത്രാൻ, മെത്രാൻ സ്ഥാനം ഏററു. അതു കഴിഞ്ഞയുടനെ അദ്ദേഹത്തെ മലയാളത്തിൽ താമസിപ്പിക്കാതെ പോണ്ടിച്ചേരിക്കു വരാപ്പുഴെനിന്നും മിഷ്യനറിമാർ അയച്ചുകളകയും ചെയ്തു. ഈ മാർ ശെമഓൻ പുത്തൻകൂറ്റുകാരെ തിരിക്കുന്നതിനു വേണ്ട അധികാരത്തോടുകൂടെ വന്നയാളായിരുന്നു. കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായ റിബെയിരൊ എന്ന ദേഹം ഈ സാക്ഷ്യങ്ങൾ കണ്ടു പരിശോധിക്കുകയും അവയിൽ അദ്ദേഹത്തിൻെറ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതു് ഇന്നു പുത്തൻചിറപ്പള്ളിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, പല പഴയ സുറിയാനി എഴുത്തുകളിൽ അതിൻെറ പകൎപ്പുള്ളതുമാണ്. ഇതിനുശേഷം ൧൭൦൪-ൽ അന്നു പുത്തൻകൂറ്റുകാരെ ഭരിച്ചിരുന്ന നാലാമത്തെ മാർ തോമ്മാ മെത്രാനും തൻെറ കക്ഷികളും ചേർന്നു റോമ്മായിലേക്കു ഒരെഴുത്തയച്ചു അതിൽ പൗലീസ്താക്കാരുടെ (ജസ്വീത്തരുടെ) ശല്യം നിമിത്തം അവർ റോമ്മാപ്പള്ളിയുടെ അധികാരത്തിൽനിന്നു പിരിഞ്ഞുപോയതാണെന്നും വീണ്ടും അതിൽ ചേരാൻ തങ്ങൾക്കാഗ്രഹമുണ്ടെന്നും മാർ തോമ്മായെ മെത്രാനായി സ്വീകരിക്കണമെന്നും മററും കാണിച്ചിരുന്നു.

അനന്തരം ൧൭൭൨-ൽ ആറാമത്തെ മാർത്തോമ്മാ അഥവാ മാർ ദീവന്നാസ്യോസ് തൻെറ ജനം മുഴുവനും പഴയ കൂറുകാരോടുകൂടെ ചേരുന്നതിനും കത്തോലിക്കസഭയോടു ഐക്യപ്പെടുന്നതിനും ആഗ്രഹിക്കയും അതിനായി വരാപ്പുഴ വികാരി അപ്പസ്തോലിക്ക മാർ ഫ്ലോരെൻസ്യാസിനോടും മാർ ഫ്രാൻസീസ് സലേസിനോടും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ സൽവദോരിനോടും അപേക്ഷിക്കയും ഒടുവിൽ കരിയാററിൽ യൌസേപ്പു മല്പാൻ വഴിക്കു റോമ്മായിൽ ബോധിപ്പിക്കയും ചെയ്തു. കരിയാററിൽ യൌസേപ്പു മല്പാൻ റോമ്മായിൽ ചെന്ന് മാർ ദിവന്നാസ്യോസിൻെറ അപേക്ഷകൾ ബോധിപ്പിച്ചു. അതിനു എതിരായി ഇവിടെനിന്നു മിഷ്യനറിമാരും ബോധിപ്പിച്ചു. ഇവർ ബോധിപ്പിച്ചതു മാർ ദിവന്നാസ്യോസിൻെറ മനസ്സുതിരിവു നേരുള്ളതല്ലെന്നും അദ്ദേഹം (ദിവന്നാസ്യോസ്) വാസ്തവമായി മെത്രാൻപട്ടം ഏററിട്ടില്ലെന്നും മററും ആയിരുന്നു. റോമ്മായിൽനിന്നും ടി. സംഗതിയുടെ വിചാരണയ്ക്കായി ഗോവ മെത്രാപ്പോലീത്തായെ നിയമിക്കയും അദ്ദേഹം തൻെറ പേക്കു വിചാരണ കഴിക്കാനായി അന്നു കൊച്ചീരൂപതയുടെ അഡ്മിനിസ്റ്റ്രേദോരും പിന്നീടു കൊച്ചീ മെത്രാനുമായിരുന്ന ജോസഫ് സൊലെദാദ് എന്ന ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹം ഒരു പോർട്ടുഗീസ് കർമ്മലീത്തനായിരുന്നു. ഈ ജോസഫ് സൊലെദാദ് † അയച്ച റിപ്പോർട്ടു അത്ര ഗുണകരമായിരുന്നില്ലെങ്കിലും ൧൭൮൨-ൽ കരിയാററിൽ യൌസേപ്പു മല്പാൻ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിനു ദിവന്നാസ്യോസിനെ കത്തോലിക്കസഭയിൽ കൈക്കൊള്ളാൻ വേണ്ടിയിരിക്കുന്ന സകല അധികാരങ്ങളും സിദ്ധിക്കയുണ്ടായി. എന്നാൽ കരിയാററിൽ മെത്രാപ്പോലീത്താ

---

† മെക്കൻസിയുടെ തിരുവിതാംകൂറിലെ ക്രിസ്തുമതം (Christianity P. 23 83) എന്ന ഗ്രന്ഥത്തിൽ ഈ ജോസഫ് സൊലെദാദ് തിരുവിതാംകൂറിൽ അസംഖ്യം ലഹളകൾ ഉണ്ടാകാൻ കാരണമായി തീർന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

ഗോവയിൽ വെച്ചുമരിച്ചുപോകയാൽ ദിവന്നാസ്യോസിനും കൂട്ടർക്കും കത്തോലിക്ക സഭയിൽ ചേരാനുള്ള സഹായങ്ങൾ നശിച്ചുപോകയും തൻമൂലം അവർ വലിയ നിരാശയിൽ വീണുപോകയും ചെയ്തു. ഇങ്ങനെയിരിക്കെ മേൽപറഞ്ഞ കൊച്ചീ മെത്രാൻെറ വാക്ക വിശ്വസിച്ച് മാത്തുത്തരകൻ പുത്തൻക്കൂറുകാരെക്കൊണ്ട് പല ഉടമ്പടികൾ ചെയ്യിച്ചതനുസരിച്ച് ദിവന്നാസ്യോസും കൂട്ടരും കുറേക്കാലത്തേക്ക പഴയക്കൂറുകാരായി നടക്കയുണ്ടായി. ഇതു ൧൮൦൦-ന്ന നാലു കൊല്ലം മുമ്പാണ്. അന്നു പുത്തൻക്കൂറുകാർ പഴയക്കൂറുകാരുടെ റീത്തു തന്നെയാണ് അനുസരിച്ചിരുന്നത്. എന്നാൽ ഒടുവിൽ പ്രസ്തുത കൊച്ചീമെത്രാൻ ദിവന്നാസ്യോസിനെ മെത്രാനായി എടുക്കയില്ലെന്നു തീർച്ചപ്പെടുത്തിയതിനാൽ അവർ വലിയ ഒരു സംഖ്യ സർക്കാരിൽ പിഴയൊടുക്കി വീണ്ടും പുത്തൻക്കൂറുകാരായിത്തീർന്നുകളഞ്ഞു. ഈ വിവരങ്ങൾ എല്ലാം ൧൮൦൫-ലും ൧൮൦൬-ലും ഡോക്ടർ കെർ, ഡോക്ടർ ബ്യക്കാനാൻ എന്ന രണ്ടു പ്രൊട്ടസ്റ്റണ്ടുപാതിരിമാർമൂലം മദ്രാസ് ഗവമ്മേണ്ടിനു അറിവു കിട്ടി. ഉടൻ പ്രൊട്ടസ്റ്റണ്ടുകാർ പുത്തൻക്കൂറുകാൎക്ക വളരെ സഹായങ്ങൾ ചെയ്കയും അവരെ സഹായിക്കാനായി ചർച്ചമിഷ്യൻകാരെ വരുത്തുകയും ചെയ്തു. ഇവർ പുത്തൻക്കൂറുകാരോടു സഖ്യം പിടിച്ച് ഉദ്ദേശം ൨൫ വൎഷക്കാലംവരെ അവരുടെ പള്ളികളിൽ പ്രസംഗിച്ചു നടന്നു. ഒടുവിൽ ൧൮൪൦-ൽ രണ്ടു കൂട്ടരും തമ്മിൽ മതസംബന്ധമായി ഭിന്നിക്കയും കോട്ടയം പഴയ സെമ്മിനാരി പുത്തൻക്കൂറുകാൎക്ക കൊടുക്കയും സി. എം. എസ്സ്. കോളജ് ചർച്ചമിഷ്യൻ വകയായി പണിയിക്കയും ചെയ്തു. മേല്പറഞ്ഞ ദീവന്നാസ്യോസിൻെറ കാലംവരെ പുത്തൻ ക്കൂറുകാർ ശീസ്മക്കാരായിട്ടല്ലാതെ യാക്കോബായക്കാരായി ഗണിക്കപ്പെട്ടുന്നില്ല.

പുത്തൻക്കൂറുകാർ യാക്കോബായ വിശ്വാസം സ്വീകരിച്ചെങ്കിലും, ൧൬൫൩-ൽ അവർ പഴയക്കൂറുകാരിൽനിന്നു വേർതിരിഞ്ഞകാലം മുതൽ ൧൮൪൦ വരെ, പഴയ കൽദായ റീത്തുതന്നെയാണ് അവർ ഉപയോഗിച്ചുവന്നത്. ൧൮൪൬-ൽ അന്ത്യോക്യായിൽനിന്നു വന്ന മാർ കൂറില്ലോസിൻെറ കാലം മുതൽക്കാണ് അന്ത്യോക്യാ (മാറോനായ) സുറിയാനിയും അതിൻെറ

രീതിക്കടുത്ത ക്രമങ്ങളും അവർ ഉപയോഗിച്ചു തുടങ്ങിയത്. മാന്നാനത്തു കൊവേന്ത സ്ഥാപിച്ച ആരംഭകാലത്തു ഹൂദാറാ മുതലായ പഴയ നമസ്കാരങ്ങൾ പല സ്ഥലങ്ങളിൽ അന്വേഷിച്ചതിൽ കിട്ടായ്കയാൽ കോട്ടയത്തു ചെറിയപള്ളിക്കൽ അച്ചനോടാണ് വാങ്ങിച്ചത്.

മേൽപറഞ്ഞ മാർ ദിവന്ന്യാസ്യോസിന്റെ കാലശേഷം ൧൮൧൬ വരെ ഏഴും എട്ടും ഒമ്പതും തോമ്മാമാരായി മൂന്നു മെത്രാന്മാർ വാണിട്ടുണ്ട്. അവരുടെ ശേഷം രണ്ടും മൂന്നും നാലും ദിവന്നാസ്യോസമാരായി ൧൮൫൫ വരെ ൩ മെത്രാന്മാർ വാഴുകയുണ്ടായി. അതിനുശേഷം കീർത്തിപെട്ട മാത്തൻ മെത്രാൻ (മാത്യൂസ് അത്തനാസ്യൂസ് മെത്രാപ്പോലീത്താ) വാണു. അദ്ദേഹത്തിന്റെ കാലത്താണ് മെത്രാൻകക്ഷി എന്നു പറയപ്പെടുന്ന നവീകരണക്കാർ ഉണ്ടായത്. അതിനുമുമ്പു പ്രൊട്ടസ്റ്റണ്ടു മിഷ്യനറിമാരും പുത്തൻകൂറുകാരും വേർതിരിഞ്ഞപ്പോൾ ഒരു ഭാഗം പുത്തൻകൂറുകാർ പ്രൊട്ടസ്റ്റണ്ടുമതം സ്വീകരിക്കയുണ്ടായിട്ടുണ്ട്. മാത്തൻമെത്രാന്റെ കാലം മുതൽ കുറെമുമ്പു നിര്യാതനായ ദിവന്നാസ്യോസും അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പിൻഗാമികളും യാക്കോബായക്കാരെയും, മാത്തൻമെത്രാന്റെ പിൻഗാമികൾ ഇപ്പോഴത്തെ നവീകരണക്കാരെയും അഥവാ മാർ തോമ്മാക്കാരേയും ഭരിച്ചുവരുന്നു.

മാത്തൻ മെത്രാന്റെ ഭരണകാലത്തു— ൧൮൭൫-ൽ— പത്രോസു പാത്രിയർക്കീസു മലയാളത്തിൽ വരികയും, പള്ളികളൊക്കയും മാത്തൻ മെത്രാനോടു ചേർന്നുനിന്നുകൊള്ളണമെന്നുണ്ടായിരുന്ന തിരുവെഴുത്തു വിളംബരം അസ്ഥിരപ്പെടുത്തുകയുമുണ്ടായി അതോടുകൂടെ അതേവരെ പ്രാബല്യത്തിൽ ഇരുന്നിരുന്ന മാത്തൻ മെത്രാന്റെ കക്ഷിയുടെ ശക്തി ക്ഷയിക്കയും പുലിക്കോട്ടു മാർ ദിവന്നാസ്യോസിന്റെ കക്ഷി പ്രബലപ്പെട്ടു വരികയും ചെയ്തു. ദിവന്നാസ്യോസിന്റെ കക്ഷിക്കു ബാവാകക്ഷിയെന്നും, മാത്തൻ മെത്രാന്റെ കൂട്ടർക്കു മെത്രാൻ കക്ഷിയെന്നും പേരുണ്ടായി. ൧൯൧൧-ൽ വന്ന അബ്ദുള്ള പാത്രിയർക്കീസിന്റെ ആഗമനാനന്തരം ബാവാക്കക്ഷിയിൽതന്നെ രണ്ടു അവാന്തര വിഭാഗങ്ങൾ ഉണ്ടായിട്ടുണ്ട്. പാത്രിയർക്കീസിന്റെ ലെവ

കികാധികാരത്തെ അംഗീകരിക്കുന്ന മാർ ക്ുറില്ലോസിൻെറയും അനുഗാമികളുടെയും കക്ഷിക്കു പഴയ ബാവാക്കക്ഷിയെന്നും, പാത്രിയർക്കീസിൻെറ ലൌകികാധികാരത്തെ നിഷേധിക്കുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിൻെറയും അനുചരന്മാരുടെയും കക്ഷിക്കു പുതിയ മെത്രാൻ കക്ഷിയെന്നും പേരുണ്ടായി.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു കേരളത്തിലെ യാക്കോബായ സഭയുടെ ശോചനീയാവസ്ഥ ഏറെക്കുറെ വിശദമാകുന്നുണ്ടല്ലൊ. കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയതിൽ പിന്നെ, അതിൽ നാൾക്കുനാൾ ഭിന്നതകൾ വൎദ്ധിച്ചുവരുന്നതല്ലാതെ അഭിവൃദ്ധിക്കു നിദാനമായ ഐക്യം അതിൽ കാണ്മാനില്ലാതായിരിക്കുന്നു. ആദ്യം ഒരു കൂട്ടർ പ്രോട്ടസ്റ്റൻറു മതാനുസാരികളായിപ്പിരിഞ്ഞുപോയി. അനന്തരം വേറൊരു കൂട്ടർ മെത്രാൻ കക്ഷിയെന്ന പേരോടുകൂടി നവീകരണക്കാർ അഥവാ മാർ തോമ്മാക്കാരായിട്ടു വേർതിരിഞ്ഞു. ശേഷിച്ച ഇരുനൂറോളം പള്ളികളും, നാനൂറിൽപ്പരം പട്ടക്കാരും, രണ്ടുലക്ഷം ജനങ്ങളും അന്യോന്യം ബദ്ധവൈരികളായ രണ്ടു കൂട്ടമായി ഇതാ ഇപ്പോൾ തിരിഞ്ഞിരിക്കുന്നു. സത്യമാതാവായ കത്തോലിക്കാപ്പള്ളിയുടെ മടിയിലല്ലാതെ നിത്യസമാധാനം കണ്ടെത്തുന്നതല്ലെന്നു നമ്മുടെ ഈ സഹോദരന്മാർ ഇനിയെങ്കിലും മനസ്സിലാക്കിയെങ്കിൽ നന്നായിരുന്നു!

---

## III. യാക്കോബായ മതവിഭാഗത്തെ സംബന്ധിച്ച ഏഴാം അലക്സാണ്ടർ മാർപ്പാപ്പാ തിരുമനസ്സിലെ ചില തിരുവെഴുത്തുകൾ. †

കേരളത്തിൽ 'ശീശ്മ' ആരംഭിച്ചിട്ടു നാലാമത്തെ വത്സരമായ ൧൬൫൭-ൽ, അന്നു റോമ്മാസിംഹാസനത്തിൽ ഉപവി-

† Vide Bullarium Patronatus Portugalliae etc Tom. II.

ഷ്ഠനായിരുന്ന അലക്സാണ്ഡർ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, ഏതൽസംബന്ധമായി കല്പിച്ചയച്ചിട്ടുള്ള ചില തിരുവെഴുത്തുകളിൽനിന്നു നാശകരമായ ഈ മതഭിന്നതയെപ്പററിയുള്ള പല വിവരങ്ങൾ ഗ്രഹിപ്പാൻ പാടുള്ളതിനാൽ അതുകളുടെ സാരാംശം ഒരു അനുബന്ധമായി ഇവിടെ ചേർത്തുകൊള്ളുന്നു.

൧. മാർപ്പാപ്പാ തിരുമനസ്സിലെ സ്ഥാനാപതിയായി കേരളത്തിലേക്കയക്കപ്പെട്ട ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്താക്കാരനു ൧൬൫൭ ജനുവരി ൨൯-ാനു- കല്പിച്ചു എഴുതിക്കൊടുത്തിട്ടുള്ള അധികാരപത്രത്തിൽ, (1) അങ്കമാലി അർക്കദിയാക്കോനായ തോമ്മാ, ലക്ഷത്തി അമ്പതിനായിരം ജനങ്ങളോടുകൂടി സ്വന്തമെത്രാപ്പോലീത്തായുടെ ആജ്ഞകളെ അനുസരിക്കാതെ വിട്ടുമാറുകയും, മെത്രാൻസ്ഥാനത്തെ സ്വയമേവ സ്വീകരിച്ചുകൊണ്ടു തദനുരൂപമായ പ്രവൃത്തികളെ ന്യായരഹിതമായും അസാധുവായും ജനങ്ങളുടെയിടയിൽ നടത്തുകയും, തന്നിമിത്തം ആ പള്ളിയിൽ വലുതായ കുഴപ്പങ്ങൾക്കു ഇടയാക്കുകയും ചെയ്തിരിക്കുന്നു എന്ന് താൻ മഹാ വ്യസനപൂർവ്വം അറിഞ്ഞു എന്നും, (2) ആ കുഴപ്പത്തിൻെറ വിവരം അറിയുന്നതിനും ക്ഷോഭം ശമിപ്പിച്ചു സമാധാനപ്പെടുത്തുന്നതിനും, തോമ്മായേയും അദ്ദേഹത്തിൻെറ അനുഗാമികളേയും മെത്രാനോടു രഞ്ജിപ്പിക്കുന്നതിനും താൻ ആഗ്രഹിക്കയാൽ, കൊള്ളാമെന്നു തോന്നുന്ന രണ്ടു മൂന്നു പേരോടുകൂടി ആ സ്ഥലത്തുചെന്നു സകല സംഭവങ്ങളുടേയും വാസ്തവം അന്വേഷിച്ചറിഞ്ഞു തെളിവെടുക്കുന്നതിനു സെബസ്ത്യാനിയോടു കല്പിക്കയും, അദ്ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്യുന്നുവെന്നും, (3) തിരുസഭ നിശ്ചയിച്ചിരിക്കുന്ന ശിക്ഷ (ചെൻസൂരാ) കളിൽ ഉൾപ്പെടാതെ 'ശീശ്മ'ക്കാരോടു സംസർഗ്ഗംചെയ്യുന്നതിനും, തോമ്മായേയും അനുഗാമികളേയും അവരുടെ മെത്രാനോടു ശ്ലൈഹികമായ അധികാരത്താൽ രഞ്ജിപ്പിക്കയും, തിരിച്ചുവരുന്നവരെ രക്ഷാകരമായ ശിക്ഷ നിശ്ചയിച്ചുകൊണ്ടും മേലിലേക്കു ഉറപ്പുവാങ്ങിക്കൊണ്ടും കഴിഞ്ഞ ശീശ്മയുടെ കുററത്തിൽനിന്നും സകലവിധ പള്ളിമുടക്കുകളിൽനിന്നും മോചിക്കയും, വിശുദ്ധ പള്ളിയിലേക്കു അവരെ സ്വീകരിക്കയുംചെയ്യുന്നതിനുംപൂർണ്ണാധികാരം നൽകുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

൮. ടി. ആണ്ടു ഫെബ്രുവരിമാസം ഫ–ാനു- തോമ്മാ അൎക്കദിയാക്കോൻെറ പേൎക്ക് എഴുതപ്പെട്ടിട്ടുള്ളതാണ് വേറൊരു തിരുവെഴുത്തു. അതിൽ (1) അങ്കമാലി മഹാ മെത്രാസന ഇടവകയിൽ അദ്ദേഹം മൂലം വലുതായ ഒരു വേൎതിരിവു സംഭവിച്ചതായി കേൾക്കയാൽ അവിടുന്നു വളരെ കലങ്ങിയെങ്കിലും, മെത്രാപ്പോലീത്തായുടെ വലത്തു കൈപോലെയിരിക്കുന്ന അദ്ദേഹം കൎത്തവ്യത്തെ മറന്നു സ്വന്തരക്ഷയേ മാത്രമല്ല മററു വളരെ ജനങ്ങളുടെ രക്ഷയേയും കൂടി അഗണ്യമാക്കി പ്രവൎത്തിച്ചു എന്നാകട്ടെ, കേൾവിപ്പെടുന്നതുപോലെ അദ്ദേഹം വിശുദ്ധ സിംഹാസനത്തിൻെറ അധികാരമില്ലാതെ മെത്രാൻപദം സ്വീകരിച്ചുകൊണ്ടു തദനുരൂപമായ പ്രവൃത്തികളെ ന്യായരഹിതമായും അസാധുവായും നടത്തുന്നു എന്നാകട്ടെ വിശ്വസിക്കുന്നതിനു അവിടേക്കു സമ്മതം വരുന്നില്ലെന്നും (2) കലഹം ശമിപ്പിക്കുന്നതിനായി ജോസഫ് സെബസ്ത്യാനി എന്ന കൎമ്മലീത്താക്കാരനെ അയക്കുന്നെന്നും; കേൾവിശരിയായിരുന്നാൽ നേരായ മാൎഗ്ഗത്തിലേക്കു പിന്തിരിഞ്ഞുവരുന്നതിനു അദ്ദേഹത്തിൻെറ രക്ഷയുടെപേരിലുള്ള സ്നേഹത്തെക്കുറിച്ചു ആ തിരുവെഴുത്തുമൂലം ഗൌരവമായി ഉപദേശിക്കുന്നെന്നും, (3) അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെട്ടവൻമാത്രം ബഹുമാനത്തെ കൈക്കൊള്ളേണ്ടതാകയാൽ പൈശാചിക പ്രേരണമൂലം ന്യായരഹിതമായും അസാധുവായും അദ്ദേഹം സ്വീകരിച്ചതിനെ ഉപേക്ഷിക്കണമെന്നും തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു.

൯. ഭിന്നിച്ചുപോയ അജക്കൂട്ടത്തിനായി പ്രസ്തുത വൎഷം ഫെബ്രുവരി ഫൻ–ാംനു- തിരുമനസ്സുകൊണ്ടു അയച്ചിട്ടുള്ള ഒരു സന്ദേശവും ശ്രദ്ധാൎഹമായിരിക്കുന്നു. (1) അങ്കമാലി അൎക്കദിയാക്കോനായ തോമ്മായുടെ സാഹസകൃത്യത്തെ അനുഗമിച്ചു അവിടത്തെ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നും അവർ വിട്ടുമാറിയെന്നു കേൾക്കയാൽ, ദൈവത്തിൻെറ ആട്ടിൻകൂട്ടത്തിനു വെളിയിൽ അവൎക്കു സംഭവിപ്പാനിരിക്കുന്ന ആത്മനാശത്തേയോൎത്തു് തിരുമനസ്സുകൊണ്ടു അത്യന്തം ദുഃഖിക്കുന്നെന്നും; (2) അവരുടെ ആലോചനക്കുറവും മററാളുകളുടെ ദുരുപദേശവും നിമിത്തം തെററിൽ ഉൾപ്പെട്ടു എന്നല്ലാതെ, മനഃപൂൎവ്വമെ

ന്നു തിരുമനസ്സുകൊണ്ടു കരുതുന്നില്ലെന്നും, ദൈവാനുകൂല്യത്താൽ അബദ്ധത്തെ പരിത്യജിച്ച് ഏതു വഴിയിൽ നിന്നകന്നുപോയോ അവിടേയ്ക്കു തിരികെ വരുമെന്നു പ്രതീക്ഷിക്കുന്നെന്നും; (3) വി. സിംഹാസനത്തിൻെറ അധികാരമില്ലാതെ മെത്രാൻപദം സ്വീകരിച്ചുകൊണ്ട്, കള്ള ഇടയൻെറ ജോലികളെ നടത്തുന്ന തോമ്മായേ വിട്ട് അവരുടെ ന്യായാനുസൃതനായ മെത്രാപ്പോലീത്തായുടെ കീഴിലേക്കു മടിക്കൂടാതെ തിരിച്ചുവരുവാൻ ഗൌരവമായും ഉത്സാഹപൂർവ്വകമായും ഉപദേശിക്കേണ്ടതും, ലൌകികമായ അധികാരത്താൽ കല്പിക്കേണ്ടതും തിരുമനസ്സിലെ ചുമതലയാകുന്നെന്നും; (4) അങ്കമാലിയിലെ ഭിന്നത തീൎക്കുന്നതിന്, തത്സംബന്ധമായ തിരുവെഴുത്തോടുകൂടി തിരുമനസ്സുകൊണ്ടു അവരുടെ പക്കലേക്കയക്കുന്ന ജോസഫ് മറിയയേ അവിടത്തേയും, തിരുസിംഹാസനത്തിൻേറയും പ്രതിപുരുഷൻ എന്ന നിലയിൽ സ്വീകരിച്ചു, അദ്ദേഹത്തിൻെറ ഉപദേശത്തിനു വിനയപൂൎവ്വം കീഴ്‌വഴങ്ങുന്നതിനും അദ്ദേഹത്തിൻെറ കല്പനകളെ അനുവൎത്തിക്കുന്നതിനും കല്പിക്കുന്നു എന്നും അതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

൭. ശീശ്മയിൽ ചേരാത്തവരായി അങ്കമാലി മഹാമെത്രാസന ഇടവകയിലുണ്ടായിരുന്ന വൈദികൎക്കും ജനങ്ങൾക്കുമായി ടി. തീയതിയിൽത്തന്നെ തിരുമനസ്സുകൊണ്ടു അയച്ചിട്ടുള്ള ഒരു തിരുവെഴുത്തും സത്യാന്വേഷികൾക്കു അത്യന്തം ഉപകാരപ്രദമായിരിക്കും. അതിലെ കാൎയ്യസാരം, (1) അങ്കമാലി അൎക്കദിയാക്കോനായ തോമ്മായും വളരെ ജനങ്ങളും അവരുടെ മെത്രാപ്പോലീത്തായുടെ ആജ്ഞകൾക്കു കീഴ്പെടാതെ പിരിഞ്ഞുപോയ വൎത്തമാനം അറിഞ്ഞു ദുഃഖിക്കുന്ന മാൎപ്പാപ്പായിക്ക്, തോമ്മായെ അനുഗമിക്കാതെ മെത്രാപ്പോലീത്തായോടുതന്നെ ചേൎന്നു അപ്പോഴും അതിനു മുമ്പും അവർ നിന്നിരുന്നു എന്നുള്ള അറിവു അത്യധികമായ ആശ്വാസത്തെ ജനിപ്പിച്ചു എന്നും (2) ആ വിധം വൎത്തിക്കേണ്ടതു സത്യക്രിസ്ത്യാനികളായ ഏവരുടേയും കടമയാണെന്നിരുന്നാലും, അത്ര സമീപസ്ഥമായ ഒരു വിഷമഘട്ടത്തിൽ മലിനത ഭവിക്കാതെ നിന്നിരുന്ന അവരുടെ വിശ്വാസവും സ്ഥൈൎയ്യവും പ്രശംസാൎഹങ്ങളായിരിക്കുന്നെന്നും (3) അതിനായി ദൈ

വത്തോട്ട് പ്രത്യേകം കൃതജ്ഞത കാണിപ്പാൻ കടമയുണ്ടെന്നും (4) കർമ്മലീത്താക്കാരനായ ജോസഫ് മരിയയെ ക്ഷോഭം അടക്കുന്നതിനായി അവിടേക്കു അയക്കുന്ന ആ അവസരത്തിൽ പ്രസ്തുത കാൎയ്യങ്ങളെപ്പററി തിരുമനസ്സിലേക്കുള്ള സന്തോഷത്തെ പ്രത്യക്ഷപ്പെടുത്തുകയും, മെത്രാപ്പോലീത്തായുടെ കീഴിൽ തന്നെ സ്ഥിരമായി നിൽക്കുന്നതിനു അവരെ ഉത്സാഹിപ്പിക്കയും ചെയ്യുന്നെന്നും (5) ശീശ്മ തീക്കുന്ന കാൎയ്യത്തിൽ മെത്രാപ്പോലീത്തായേയും ജോസഫിനേയും അവർ സൎവ്വപ്രകാരേണയും സഹായിക്കണമെന്നുമാണ്.

പരിശുദ്ധ പിതാവു തിരുമനസ്സിലെ ഈ തിരുവെഴുത്തുകൾ ജനങ്ങൾക്കു ഏത്തുപെടാതെയിരിപ്പാൻ എതുകക്ഷികൾ അന്നു പാടുള്ള ശ്രമങ്ങളെല്ലാം ചെയ്തുയുണ്ടായി. എങ്കിലും അതു സാധിച്ചില്ല. തങ്ങളുടെ പിതാവിന്റെ സ്വരം ശ്രവിച്ചമാത്രയിൽ അനവധി പള്ളിക്കാർ സത്യംഗ്രഹിച്ചു സ്വന്തഭവനമായ സത്യസഭയിലേക്കു പിന്തിരികയും ചെയ്തു. ൧൩൨ വൎഷം മുമ്പു കേൾപ്പിച്ച ആ പിതൃസ്വരംതന്നെ ഇതാ ഇപ്പോൾ ഇവിടെ പ്രതിധ്വനിക്കുന്നു. എല്ലാം മക്കളും അതു ശ്രദ്ധിച്ചെങ്കിൽ എത്രയോ ഭാഗ്യം!

L. S. D. M.

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press, Mannanam,

Indic Digital Archive Foundation
gpura.org